കലൻറിംഗ് പ്ലാൻറ്.

* 378. [5] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര–വിളവംകോട് കമ്മ്യൂണിറ്റി പ്രോജക് റ്റിൻെറ ആഭിമുഖ്യത്തിൽ പാറ്റ്പനംകോട്ട് ഒരു കലൻറിംഗ് പ്ലാൻറ് സ്ഥാപിക്കുവാൻ ഗവണ്മെൻറ് അനുവാദം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് അനുവാദം നൽകിയത്;

(സി) ഇപ്പോൾ ആ പ്ലാൻറ സ്ഥാപനക്കാര്യം ഏതു നിലയിലിരിക്കുന്നു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) നെയ്യാറ്റിൻകര-വിളവങ്കോട് കമ്മ്യൂണിറ്റി പ്രോജക് റ്റിൻെറ ആഭിമുഖ്യത്തിൽ, പാറ്റ്പനംകോട്ട് ഒരു കലൻറിംഗ് പ്ലാൻറ് സ്ഥാപിക്കാൻ ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ട്.

(ബി) അങ്ങനെ തീരുമാനിച്ചത് ഫെബ്രുവരി 24–ാം തീയതി ആണ്.

(സി) 1955 ഏപ്രിൽ 8–ാം തീയതി ആവശ്യമുള്ള മെഷ്യനകൾക്ക് ഓർഡർ കൊടുത്തിട്ടുണ്ട്. അതുപോലെതന്നെ പ്ലാൻറ് സ്ഥാപിക്കുന്നതിനവേണ്ട എല്ലാ ഒരുക്കങ്ങളും ഗവണ്മെൻറ് ചെയ്തിട്ടുണ്ട്. മെഷ്യനകൾ സമീപകാലത്തു് വന്നുചേരുന്നതും, ഉടൻതന്നെ ജോലി തുടങ്ങുന്നതുമാണ്.

കൈത്തറി സഹകരണസംഘം.

* 379. [6] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെസ്സ് ഫണ്ട പദ്ധതിയനുസരിച്ച് 1955-56-ൽ എത്ര കൈത്തറി നെയ്ത്ത സഹകരണസംഘം രജിസ്റ്റർ ചെയ്യുകയുണ്ടായി ;

(ബി) ഈ വർഷം കൈത്തറി സഹകരണസംഘങ്ങൾക്കായി എത്ര രൂപ വിതരണം ചെയ്തിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സെസ്സുഫണ്ട പദ്ധതിയനുസരിച്ച് 1955–56–ൽ 49 കൈത്തറി നെയ്ത്ത സഹകരണസംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷത്തിൽ, 22–8–1955 വരെ 2,62,086 രൂപ 15 അണ 9 പൈ. വിതരണം ചെയ്തിട്ടുണ്ട്.

ശ്രീ. പി. വിശ്വംഭരൻ : ഈ പദ്ധതിയനുസരിച്ച് സഹകരണസംഘങ്ങളുടെ എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ് ഗവണ്മെൻറ കൊടുക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പറ്റി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വംഭരൻ : സംഘങ്ങൾ എടുത്തിട്ടുള്ള ലോണിന്റെ കാലാവധി 5 കൊല്ലക്കാലമെന്നുള്ളതു മാറ്റി തീക്കാൻ വിഷമം ഒഴിയ്യുകൊണ്ടു 15 കൊല്ലമായി കാലാവധി വർദ്ധിപ്പിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ ഒരു മറുപടി പറയാൻ സാദ്ധ്യമല്ല. ആലോചിക്കാം.

ശ്രീ. പി. ഗോപാലൻ : ഭാഗരി മൂലധനം ഇനത്തിൽ എത്ര രൂപ വിതരണം ചെയ്തിട്ടുണ്ടു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 33,350 രൂപ വിതരണം ചെയ്തിട്ടുണ്ടു്.

ശ്രീ. പി. ഗോപാലൻ : പ്രവർത്തനമൂലധനം ഇനത്തിൽ എത്ര രൂപ വിതരണം ചെയ്തിട്ടുണ്ടു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 84,720 രൂപ വിതരണം ചെയ്തിട്ടുണ്ടു്.

സി ലൈസൻസികൾ.

* 380. [7] ശ്രീ. ആർ. സുധാകരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ബീഡി പുകയിലയ്ക്കു് സി ലൈസൻസികൾ കൊച്ചി ഭാഗത്തു സർക്കാരിലേക്കു് അടയ്ക്കേണ്ട ലൈസൻസുഫീസു് എന്തൊക്കെയെന്നു് പറയുമോ ;

(ബി) തിരുവിതാംകൂർ പ്രദേശത്തു സി ലൈസൻസികൾ അടയ്ക്കേണ്ട ലൈസൻസു് ഫീസു് എന്താണു് ;

(സി) കൊച്ചിക്കാർ കൊടുക്കുന്ന ലൈസൻസുഫീസു് നിരക്കു് തിരുവിതാംകൂറിലും നടപ്പിലാക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം) :

(എ) ബീഡി പുകയിലയ്ക്കു് സി ലൈസൻസികൾ കൊച്ചി വിഭാഗത്തു സർക്കാരിലേയ്ക്കു് അടയ്ക്കേണ്ട ലൈസൻസുഫീസു് 5 രൂപ.

(ബി) തിരുവിതാംകൂർ പ്രദേശത്തും, കൊച്ചി വിഭാഗത്തും ഒരേ ലൈസൻസുഫീസാണുള്ളതു്.

(സി) ചോദ്യം ഉദിക്കുന്നില്ല.

രാഷ്ട്രീയ തടവുകാർ.

* 381. [8] ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗുരുനാടു്, ഇടപ്പള്ളി കേസുകളിൽപ്പെട്ട മുഴുവൻ രാഷ്ട്രീയ തടവുകാരേയും മോചിപ്പിക്കാൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) : ഗുരുനാടു്, ഇടപ്പള്ളി കേസുകളിൽപ്പെട്ട തടവുകാരെല്ലാം ഗൗരവമേറിയ കുറ്റങ്ങൾക്കു

LIBRARY ARCHIVES Kerala Legislative Assembly